بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ

**ജുമുഅഃ ഖുത്വ്ബ**

**സംഗ്രഹം**

**03-10-2025**

# ഹുനൈൻ യുദ്ധാനന്തര സംഭവങ്ങൾ

സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് (അയ്യദഹുല്ലാഹ്..) യു.കെ യിലെ മസ്ജിദ് മുബാറക്കിൽ വച്ച് നിർവഹിച്ചത്

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ

اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ -

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ○

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

തശഹ്ഹുദ്, തഅവ്വുദ്, സൂറത്തുൽ ഫാത്തിഹ എന്നിവ പാരായണം ചെയ്ത ശേഷം ഹുസൂർ അൻവർ (അയ്യദഹുല്ലാഹു തആലാ ബി നസ്റിഹിൽ അസീസ്) പ്രസ്താവിച്ചു:

ഹുനൈൻ യുദ്ധാനന്തരം ആർജിതമായ യുദ്ധ മുതലുകളും അവയുടെ വിഭജനവും സംബ ന്ധിച്ചായിരുന്നു പരാമർശിച്ചിരുന്നത്. തത്സംബന്ധമായ കൂടുതൽ സംഭവവികാസങ്ങൾ ഇപ്രകാരം വിവരിക്കപ്പെടുന്നു:

ഹുനൈൻ ജയിച്ചടക്കിയ ശേഷം നബിതിരുമേനി(സ) ഗനീമത്ത് സ്വത്തുക്കളെല്ലാം ജിഅ്റാന എന്ന സ്ഥലത്ത് ഒരുമിച്ചുകൂട്ടാൻ ഉത്തരവിടുകയും അതേ സമയം സ്വയം ത്വാഇഫിലേക്ക് തിരിക്കുകയും ചെയ്തു. ഏറെക്കുറേ ഒരു മാസത്തിനുശേഷം അവിടുന്ന് ത്വാഇഫിൽനിന്ന് ജിഅ്റാനയിലേക്ക് തിരിച്ചെത്തി. അവിടെയെത്തിയിട്ടും നബിതങ്ങൾ ഗനീമത്ത് സ്വത്ത് ഉടൻ വിഭജിച്ചില്ല, പകരം ബനൂ ഹവാസിൻ ഗോത്രക്കാർ പശ്ചാത്തപിച്ച് തിരിച്ചു വന്നാലോ എന്നു കരുതി കുറച്ച് ദിവസങ്ങൾ കാത്തിരുന്നു. നബിതിരുമേനി(സ) ബനൂ ഹവാസിൻ ഗോത്രക്കാരെ കാത്തിരിക്കുന്ന സമയത്ത് അവർ തങ്ങൾ തിരിച്ചു പോകുന്നതുകൊണ്ട് പ്രയോജനമുണ്ടാകുമോ എന്ന കാര്യത്തിൽ ആശയക്കുഴപ്പത്തിലായിരുന്നു. ഒടുവിൽ ഇത്രയും കാത്തിരുന്ന ശേഷം, അവർ വരുന്നില്ലെന്ന് കണ്ടപ്പോൾ നബിതങ്ങൾ ഗനീമത്ത് മുതൽ വിഭജിച്ചു. ഈ വിഭജനം പൂർത്തിയായപ്പോൾ, ബനൂ ഹവാസിൻ ഗോത്രത്തിലെ പതിനാല് പ്രമുഖർ നബിതങ്ങളുടെ പക്കൽ ഹാജരായിക്കൊണ്ട് തങ്ങളുടെ മുഴുവൻ ഗോത്രവും ഇസ്‌ലാം സ്വീകരിച്ചിട്ടുണ്ടെന്ന് അവർ അറിയിച്ചു. തുടർന്ന് അവരോട് കരുണ കാണിക്കാൻ അപേക്ഷിച്ചപ്പോൾ നബിതങ്ങൾ പറഞ്ഞു: ഞാൻ നിങ്ങളെ ഒരുപാട് ദിവസങ്ങൾ കാത്തിരുന്നു. ഇപ്പോൾ നിങ്ങൾ കാണുന്നതുപോലെ, തടവുകാരിൽ വളരെ കുറച്ചുപേർ മാത്രമേ എന്റെ പക്കലുള്ളൂ. ബാക്കിയെല്ലാവരും വിഭജനം ചെയ്യപ്പെട്ടു കഴിഞ്ഞു. അതിനാൽ നിങ്ങൾക്ക് ഒന്നുകിൽ തടവുകാരായ സ്ത്രീപുരുഷന്മാർ അല്ലെങ്കിൽ സ്വത്തും വസ്തുവകൾ ഇവ രണ്ടിൽ ഒന്ന് തിരഞ്ഞെടുക്കാം. അവർ തടവുകാരെ തിരഞ്ഞെടുത്തു. നബിതങ്ങൾ തനിക്കും ബനൂ അബ്ദുൽ മുത്തലിബിനും ഓഹരിയായി ലഭിച്ച തടവുകാരെ മോചിപ്പിച്ചു. എന്നിട്ട് ശേഷിച്ച

തടവുകാരുടെ കാര്യത്തിൽ അവരോട് നിർദേശിച്ചു, മുസ്‌ലീങ്ങളോട് നിങ്ങൾ ഇസ്‌ലാം സ്വീകരിച്ച വിവരം അറിയിച്ചുകൊണ്ട് അല്ലാഹുവിന്റെ റസൂലിനെ (സ) ശിപാർശകനാക്കുന്നെന്ന് പറയുക. അവർ അപ്രകാരം തന്നെ ചെയ്തു. നബി തങ്ങളുടെ അനുപമമായ ഔദാര്യത്തിന്റെ ഫലമായി തടവുകാരെല്ലാവരും നല്ലനിലയിൽ മോചിതരായി.

നബതിരുമേനി(സ) ബനൂ ഹവാസിൻ തടവുകാരെ യാതൊരു പ്രതിഫലവും വാങ്ങാതെ മോചിപ്പിച്ചതുകൂടാതെ അവർക്ക് പുതുവസ്ത്രങ്ങളും നല്കുകയും അവരിൽ മോചിതനാകുന്ന ഒരാളും പുതിയ വസ്ത്രമില്ലാതെ പുറത്തു പോകരുത് എന്ന് താക്കീത് നല്കുകയും ചെയ്തു. അതനുസരിച്ച് ഓരോ തടവുകാരനും പുതിയ വസ്ത്രം നല്കപ്പെട്ടു. റിപ്പോർട്ടുകൾ പ്രകാരം, മൂന്ന് പേർ തങ്ങളുടെ തടവുകാരെ തിരികെ നല്കാൻ വിസമ്മതിച്ചു. മറ്റ് ചില റിപ്പോർട്ടുകൾ പ്രകാരം, നബി തങ്ങൾ പ്രഖ്യാപിച്ചു: ബനൂ ഹവാസിനിലെ മുഴുവൻ തടവുകാരും സ്വതന്ത്രരാണ്. സ്വന്തം തടവുകാരനെ വിട്ടുകൊടുക്കാൻ മനസ്സില്ലാത്തവർക്ക് അതിന് പകരമായി ബയ്ത്തുൽ മാലിൽ നിന്ന് ആറ് യുവ ഒട്ടകങ്ങൾ നഷ്ടപരിഹാരമായി നല്കുന്നതാണ്. ഇതുകേട്ടപ്പോൾ തടവുകാരെ വിട്ടുകൊടുക്കാൻ തയ്യാറല്ലാതിരുന്നവരും അതിന് സമ്മതിച്ചു. അങ്ങനെ ബനൂ ഹവാസിനിലെ ആറായിരം തടവുകാരും മോചിതരായി.

ചില റിപ്പോർട്ടുകൾ അനുസരിച്ച്, ഉയൈന ബിൻ ഹിസ്ൻ ഫസാരി അനുസരണക്കേട് കാണിച്ചു. അക്കാരണത്താൽ അദ്ദേഹത്തിന് നാണക്കേടുണ്ടാകുകയും നന്മയും അനുഗ്രഹവും നഷ്ടപ്പെടുകയും ചെയ്തു. ഉയൈന ഒഴികെ എല്ലാവരും തങ്ങളുടെ തടവുകാരെ വിട്ടുകൊടുത്തു എന്ന് നബി തങ്ങളോട് അറിയിച്ചപ്പോൾ, അവിടുന്ന് പറഞ്ഞു: അല്ലാഹു അവന് നഷ്ടം വരുത്തട്ടെ. ഉയൈനയുടെ തടവുകാരിയുടെ സംഭവം ഇപ്രകാരമാണ്, അയാൾ ഒരു യുവാവായ സ്ത്രീക്ക് പകരം വയസ്സായ ഒരു സ്ത്രീയെയാണ് തടവുകാരിയായി സ്വീകരിച്ചത്. കാരണം അവളുടെ കുടുംബാംഗങ്ങളും മക്കളും കൂടുതലായി ഉള്ളതുകൊണ്ട് ചോദിക്കുന്നത്ര മോചനദ്രവ്യം ലഭിക്കുമെന്ന് അദ്ദേഹം കരുതി. ആ വൃദ്ധയുടെ മകൻ ഉയൈനയുടെ അടുക്കൽ വന്നു നൂറ് ഒട്ടകങ്ങൾക്ക് പകരമായി തന്റെ ഉമ്മയെ മോചിപ്പിക്കണമെന്ന് ആവശ്യപ്പെട്ടപ്പോൾ ഉയൈന തുക വീണ്ടും വർദ്ധിപ്പിക്കാമെന്ന് കരുതി, മോചിപ്പിക്കാൻ വിസമ്മതിച്ചു. അയാൾ ഇനി തിരിച്ചു വരില്ലെന്ന് മനസ്സിലായപ്പോൾ ഉയൈന സ്വയം മകന്റെ അടുക്കൽ ചെന്നു. എന്നിട്ട്, നീ നല്കാൻ തയ്യാറായ ഒട്ടകങ്ങളെല്ലാം ഇപ്പോഴും തരുമോ? എന്ന് ചോദിച്ചു. അപ്പോൾ ആ യുവാവ് പറഞ്ഞു: ഇനി ഞാൻ അമ്പത് ഒട്ടകങ്ങൾ മാത്രമേ തരൂ. അങ്ങനെ വിലപേശൽ തുടർന്നു. അത് പത്ത് ഒട്ടകങ്ങളിൽ എത്തി. ഉയൈന കൂടുതൽ ചോദിക്കുമ്പോഴെല്ലാം യുവാവ് വില കുറച്ചുകൊണ്ടിരുന്നു. അവസാനം, ഉയൈന പറഞ്ഞു: ഈ വൃദ്ധയെ സൗജന്യമായി കൊണ്ടുപോകുക. അപ്പോൾ ആ യുവാവ് പറഞ്ഞു: നബിതിരുമേനി(സ) ഓരോ തടവുകാരനും മോചിപ്പിച്ച സമയത്ത് പുതിയ വസ്ത്രവും നല്കിയിട്ടുണ്ട്. ഈ വൃദ്ധയ്ക്ക് അത് നഷ്ടമായി. അതിനാൽ താങ്കൾ അവർക്ക് വസ്ത്രം നല്കണം. അവസാനം, ഉയൈനക്ക് തന്റെ ചാദർ അഥവാ മേലങ്കി നല്കേണ്ടിവന്നു.

നബി തിരുമേനി(സ) ബനൂ ഹവാസിനോട് അവരുടെ നേതാവായ മാലിക് ബിൻ ഔഫിനെക്കുറിച്ച്, ആരാഞ്ഞു. അദ്ദേഹം ത്വാഇഫിൽ ബനൂ ഥഖീഫിന്റെ കൂടെയാണെന്ന് അവർ പറഞ്ഞു. അപ്പോൾ, നബിതിരുമേനി(സ) തന്റെ അനുസരണവും വിധേയത്വവും സ്വീകരിച്ച് തന്റെയടുക്കൽ വന്നാൽ, തടവിലായ അദ്ദേഹത്തിന്റെ കുടുംബാംഗങ്ങളെ തിരികെ നല്കുന്നതായിരിക്കും എന്ന സന്ദേശം എത്തിക്കാൻ കല്പിച്ചു. അദ്ദേഹം നബി തങ്ങളുടെ അടുക്കൽ ഹാജരായി. നബി തങ്ങൾ അദ്ദേഹത്തിന് കുടുംബാംഗങ്ങളെ തിരികെ നല്കിയെന്നു മാത്രമല്ല നൂറ് ഒട്ടകങ്ങൾ സമ്മാനമായി നല്കുകയും ചെയ്തു.

ഈ യുദ്ധത്തിലെ ബന്ദികളിൽ ശൈമ എന്നൊരു സ്ത്രീയും ഉണ്ടായിരുന്നു. അത് അവരുടെ

വിളിപ്പേരായിരുന്നു. യഥാർഥ നാമം ഹുദാഫ എന്നായിരുന്നു. അവർ ബന്ധനസ്ഥയായ പ്പോൾ പറഞ്ഞു: ഞാൻ മുഹമ്മദിന്റെ (സ) മുല കുടി ബന്ധത്തിലെ സഹോദരിയാണ്. സ്വഹാ ബികൾ അവരെ നബി തങ്ങളുടെ സവിധ ത്തിൽ ഹാജരാക്കി. നബി തങ്ങൾ അടയാളം ചോദിച്ചപ്പോൾ, അവർ പല്ലിന്റെ പാട് കാണിച്ചു കൊടുത്തു. എന്നിട്ട് പറഞ്ഞു: ഞാൻ അങ്ങയെ എന്റെ മടിയിൽ എടുത്തിരുന്ന സമയത്ത്, ചെറു പ്പത്തിൽ അങ്ങ് എന്നെ കടിച്ചിരുന്നു. അവർ തുടർന്നു: അക്കാലത്ത് ഞങ്ങൾ ആടുകളെ മേയ്ച്ചിരുന്നു. അങ്ങയുടെ മുലകുടി ബന്ധ ത്തിലെ മാതാപിതാക്കൾ എന്റെ സ്വന്തം മാതാ പിതാക്കളാണ്. നബി തിരുമേനി(സ) എഴു ന്നേറ്റ് അവർക്ക് ഇരിക്കാൻ സ്വന്തം മേലങ്കി വിരിച്ചുകൊടുത്തു. നബി തങ്ങളുടെ കണ്ണു കൾ ഈറനണിയുകയും ചെയ്തു. മുലകുടി ബന്ധത്തിലെ മാതാപിതാക്കളെക്കുറിച്ച് ചോദി ച്ചു. അവർ മരണപ്പെട്ടുവെന്ന് മറുപടി ലഭിച്ചു. നബി തങ്ങൾ പറഞ്ഞു: നിങ്ങൾക്ക് വേണ മെങ്കിൽ ഞങ്ങളുടെ കൂടെ താമസിക്കാം. അല്ലെങ്കിൽ സ്വന്തം ഗോത്രത്തലേക്ക് തിരിച്ചു പോകുകയുമാകാം. അവർ അവർ ഇസ്‌ലാം സ്വീകരിച്ചുകൊണ്ട് തിരിച്ചു പോകാനാണ് ഇഷ്ടപ്പെട്ടത്. തിരുനബി(സ) അവർക്ക് മൂന്ന് പുരുഷ അടിമകളെയും ഒരു അടിമസ്ത്രീ യെയും സമ്മാനമായി നല്കി. കൂടാതെ, ഒന്നോ രണ്ടോ ഒട്ടകങ്ങൾ നല്കാൻ ഉത്തരവിടുകയും ചെയ്തു.

അബൂ ദാവൂദിന്റെ ഒരു ദുർബലമായ റിപ്പോർ ട്ടിൽ ജിഅ്റാനയിൽ വച്ച് നബിതിരുമേനി (സ) മുലകുടി ബന്ധത്തിലെ മാതാവിനെ കണ്ടു മുട്ടിയതായി വിവരിക്കുന്നുണ്ട്. ഒരുപക്ഷെ അത് മറ്റേതെങ്കിലും സമയത്തായിരിക്കാം. അല്ലെങ്കിൽ നിവേദകന് തെറ്റുപറ്റിയതാവാം. കാരണം,പൊതുവായ റിപ്പോർട്ടുകൾ പ്രകാരം ഹുനൈൻ യുദ്ധത്തിന് മുമ്പുതന്നെ നബി തങ്ങളുടെ മുലകുടി ബന്ധത്തിലെ മാതാവ് മരണപ്പെട്ടിരുന്നു.

നബിതിരുമേനി(സ) മക്കയിൽ നിന്ന് മദീന യിലേക്ക് ഹിജ്റ പോയപ്പോൾ, നൂറ് ഒട്ടകം ഇനാമായി കിട്ടാൻ സുറാഖ ബിൻ മാലിക് നബി തങ്ങളെ പിന്തുടരുകയുണ്ടായി. അന്ന് സുറാഖ നബി തങ്ങളിൽ നിന്നു അഭയപത്രം എഴുതിവാങ്ങി. അതേ സുറാഖ അഭയപത്ര വുമായി ജിഅ്റാനയിൽ വന്ന് ഇസ്‌ലാംമതം ആശ്ലേഷിച്ചു.

ആ സമയത്ത് നബി കരീം(സ) ഒരു രാത്രി അവിടന്ന് ഉംറ ചെയ്യാനായി മക്കയിലേക്ക് പോ കുകയും അതേ രാത്രി തന്നെ തിരിച്ചു വരു കയും ചെയ്തു. ആളുകൾ കരുതിയത് തിരു നബി എവിടേക്കും പോയിട്ടില്ലെന്നായിരുന്നു. ദുൽഖഅ്ദ മാസത്തിൽ പന്ത്രണ്ട് ദിവസങ്ങൾ ബാക്കിയുള്ളപ്പോഴാണ് നബി തിരുമേനി(സ) മദീനയിലേക്കുള്ള യാത്ര ആരംഭിക്കുകയും ഒമ്പത് ദിവസത്തെ യാത്രയ്ക്ക് ശേഷം മദീ നയിലേക്ക് തിരിച്ചെത്തുകയുമുണ്ടായി.

ഹുസൂർ തിരുമനസ്സ് പൗരസ്ത്യ പണ്ഡിതന്മാ രുടെ ചില അടിസ്ഥാന രഹിതമായ ആക്ഷേ പങ്ങളും അവയ്ക്കുള്ള സംക്ഷിപ്തമായ മറു പടികളും അവതരിപ്പിക്കുകയുണ്ടായി.

ഖുത്ബയുടെ അവസാനത്തിൽ ഹുസൂർ അൻവർ രണ്ട് മർഹൂമീങ്ങളെ അനുസ്മരിക്കു കയും നമസ്ക്കാരാനന്തരം അവരുടെ ജനാസ നമസ്കാരം നിർവഹിക്കുന്നതാണെന്ന് വിളംബ രപ്പെടുത്തുകയുമുണ്ടായി.ആദ്യത്തേത് ഡോക്ടർ ലയീഖ് അഹ്മദ് ഫറഖ് സാഹിബിന്റേതായി രുന്നു. ഇദ്ദേഹം കാനഡയിൽ വച്ചാണ് മരണ പ്പെട്ടത്. വാഖിഫെ സിന്ദഗി ഡോക്ടർ എന്ന നില യിൽ ഇദ്ദേഹം നിരവധി വർഷങ്ങൾ ആഫ്രി ക്കയിൽ സേവനം ചെയ്തിട്ടുണ്ട്. സമർപ്പണ ത്തിന്റെ പൂർണ ചൈതന്യത്തോടെയാണ് അദ്ദേ ഹം അവിടെ പ്രവർത്തിച്ചത്. വളരെ ശാന്ത സ്വഭാവമുള്ള വ്യക്തിയായിരുന്നു അദ്ദേഹം. പ്രാർഥനാനിരതൻ, വിനയം, എളിമ, ക്ഷമ, സ്ഥിരത എന്നിവയ്ക്ക് ഒരു ഉദാഹരണമായി രുന്നു. ജീവിതം മുഴുവൻ മനുഷ്യസേവനത്തി നായി ചെലവഴിച്ചു. വളരെ ദുഷ്കരമായ സാഹചര്യങ്ങളിലും ക്ഷമയോടെ സേവനം തുടർന്നു. ഞാനും ഘാനയിൽ അദ്ദേഹത്തോ ടൊപ്പം സമയം ചെലവഴിച്ചിട്ടുണ്ട്. അങ്ങേയറ്റം മാന്യനും വിനയാന്വിതനും സേവനസന്നദ്ധ നുമായ വ്യക്തിയായിരുന്നു. വാഖിഫീങ്ങളെ വളരെയധികം ആദരിക്കുന്നയാൾ ആയിരുന്നു.

അതിഥി സത്കാരഗുണം അദ്ദേഹത്തിലും ഭാര്യയിലും നിറഞ്ഞുനിന്നിരുന്നു. വളരെ ചുരുക്കം ആളുകളിൽ മാത്രം കാണുന്ന നിരവധി ഗുണങ്ങൾ അദ്ദേഹത്തിനുണ്ടായിരുന്നു.

രണ്ടാമത്തെ ജനാസ ഹമീദ് അഹ്മദ് ഗൗരി സാഹിബ്, ഹൈദരാബാദ്, ഇന്ത്യയുടേതാണ്. പരേതൻ മൂസി ആയിരുന്നു. ഭാര്യ, ഒരു മകൾ, നാല് ആൺമക്കൾ, പേരക്കുട്ടികൾ എന്നിവരടങ്ങുന്നതാണ് അദ്ദേഹത്തിന്റെ സന്തപ്തകുടുംബം. അദ്ദേഹത്തിന്റെ എല്ലാ മക്കളും ഏതെങ്കിലും വിധത്തിൽ ജമാഅത്തിന് ഇദ്ദേഹം ഇനാം ഗൗരി സാഹിബിന്റെ (നാസിർ അഅ്ല, ഖാദിയാൻ) ഇളയ സഹോദരനും, സമദ് ഗൗരി സാഹിബിന്റെ (മുബല്ലിഗ്, അമീർ ജമാഅത്ത് അൽബേനിയ) പിതാവുമായിരുന്നു. ഇദ്ദേഹം നോമ്പും നമസ്കാരവും കൃത്യമായി അനുഷ്ഠിക്കുന്ന തഹജ്ജുദ് പതിവായി നിർവഹിക്കുന്ന വ്യക്തിയായിരുന്നു. വിശുദ്ധ ഖുർആനെ അങ്ങേയറ്റം സ്നേഹിച്ചിരുന്നു. ഹജ്ജ്, ഉംറ എന്നിവ നിർവഹിക്കാനുള്ള സൗഭാഗ്യവും അദ്ദേഹത്തിന് ലഭിച്ചു. ഖലീഫയുടെ കൽപ്പനകൾ അനുസരിച്ച് ജീവിക്കുന്നതിൽ ശ്രദ്ധിച്ചിരുന്നു. ചെറുതോ വലുതോ ആയ എല്ലാ കല്പനകളും പ്രവൃത്തി പഥത്തിൽ കൊണ്ടുവരാൻ അദ്ദേഹം ശ്രമിക്കുമായിരുന്നു. അദ്ദേഹം ജമാഅത്തിൽ ഖുത്ബകൾ നിർവഹിച്ചിരുന്നതിനാൽ, ഞാൻ ആദ്യം സ്വയം പ്രവർത്തിക്കും, എന്നിട്ട് ജമാഅത്തിനെ ഉണർത്തും എന്നതായിരുന്നു അദ്ദേഹത്തിന്റെ നിലപാട്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ അദ്ദേഹം അതിൽ വിജയിച്ചിരുന്നു.

അദ്ദേഹം വീട്ടിൽ ഹോമിയോപ്പതി ചികിത്സ നടത്തിയിരുന്നു. മരുന്നുകൾ ശേഖരിച്ച് വച്ച് രോഗികൾക്ക് സൗജന്യമായി നല്കിയിരുന്നു. സാമ്പത്തിക ത്യാഗങ്ങളിൽ അദ്ദേഹം മുൻപന്തിയിലായിരുന്നു. അദ്ദേഹം ബന്ധുത്വം ഊട്ടിയുറപ്പിക്കുന്നതിൽ വളരെ ശ്രദ്ധിച്ചിരുന്നു. ബന്ധുക്കളെ വീട്ടിൽ പലപ്പോഴും ഒരുമിച്ച് കൂട്ടുകയും അവരുടെ ദുഃഖങ്ങളിലും സന്തോഷങ്ങളിലും പങ്കുചേരുകയും ചെയ്യുമായിരുന്നു. കേന്ദ്ര പ്രതിനിധികളെയും മുബല്ലിഗീങ്ങളെയും വളരെയധികം ആദരിച്ചിരുന്നു. അദ്ദേഹം ഹൈദരാബാദിന്റെ നായിബ് അമീറായും, സെക്രട്ടറി തഅ്ലീമുൽ ഖുർആനായും ഹൽഖയിലെ ജമാഅത്ത് പ്രസിഡന്റായും, നാസിം അൻസാറുള്ളയായും, ദക്ഷിണ ഭാരതത്തിലെ മജ്‌ലിസ് അൻസാറുള്ളയുടെ വൈസ് പ്രസിഡന്റായും സേവനം ചെയ്തിട്ടുണ്ട്. നിരവധി ജമാഅത്ത് സേവനങ്ങളിൽ അദ്ദേഹം പങ്കാളിയായിട്ടുണ്ട്. ഒരു തവണ ഇവിടെയും ജൽസയിൽ പങ്കെടുത്തിട്ടുണ്ട്. അല്ലാഹു അദ്ദേഹത്തോട് പാപമോചനത്തോടും കാരുണ്യത്തോടും കൂടി വർത്തിക്കുമാറാകട്ടെ. അൽബേനിയയിൽ മുബല്ലിഗ് ആയ അദ്ദേഹത്തിന്റെ മകന് ജനാസയിൽ പങ്കെടുക്കാൻ കഴിഞ്ഞില്ല. അല്ലാഹു അദ്ദേഹത്തിനും ക്ഷമയും ധൈര്യവും നല്കട്ടെ. ഏതായാലും ഇവരുടെ ജനാസ നമസ്കാരം ഞാൻ നിർവഹിക്കുന്നതാണ്.

اَلْحَمْدُ لِلّٰهِ نَحْمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُؤْمِنُ بِهٖ وَ نَتَوَكَّلُ عَلَيْهِ وَ نَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ يُّضْلِلْهُ فَلَا هَادِيَ لَهٗ ـ وَنَشْهَدُ اَنْ لَّآ اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ ـ عِبَادَ اللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِ ذِى الْقُرْبٰى وَيَنْهٰى عَنِ الْفَحْشَاءِ وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوا اللّٰهَ يَذْكُرْكُمْ وَادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ ـ

**FRIDAY SERMON SUMMARY** DELIVERED BY**HAZRAT KHALIFATUL MASIH V(ATBA)**
ISLAMABAD UK ON 03.10.2025
SUMMARIZED BY MAJLIS ANSARULLAH BHARAT
MALAYALAM TRANSLATION BY AMNAS PK
FOR MALAYALAM DESK, QADIAN
PUBLISHED BY NAZARAT NASHR-O-ISHAAT,
SADR ANJUMAN AHMADIYYA QADIAN 143516